**സമാഹിതാത്മനോ ബ്രഹ്മൻ ബ്രഹ്മണ: പരമേഷ്ഠിന:
ഹൃദ്യാകാശാദഭൂന്നാദോ വൃത്തിരോധാദ്വിഭാവ്യതേ (12-6-37)
യദുപാസനയാ ബ്രഹ്മൻ യോഗിനോ മലമാത്മന:
ദ്രവ്യക്രിയാകാരകാഖ്യം ധൂത്വാ യാന്ത്യപുനർഭവം (12-6-38)
തതോ*f*ഭൂത് ത്രിവൃദോങ്കാരോ യോ*f*വ്യക്തപ്രഭവ: സ്വരാട്
യത്തല്ലിംഗം ഭഗവതോ ബ്രഹ്മണ: പരമാത്മന: (12-6-39)
ശൃണോതി യ ഇമം സ്ഫോടം സുപ്തശ്രോത്രേ ച ശൂന്യദൃക്
യേന വാഗ് വ്യജ്യതേ യസ്യ വ്യക്തിരാകാശ ആത്മന: (12-6-40)**

*ശൗനകൻ ചോദിച്ചു:*
വേദങ്ങളുടെ ഉൽപ്പത്തിയും അവയെ എങ്ങിനെയെല്ലാം തരംതിരിച്ചിരിക്കുന്നു എന്നും പറഞ്ഞു തന്നാലും.

*സൂതൻ പറഞ്ഞു:*
ബ്രഹ്മാവ് തൻെറ മനസ്സ് ആത്മാവിൽ ശ്രദ്ധയുറപ്പിച്ച് ധ്യാനിച്ചു. അപ്പോൾ സ്വന്തം ഹൃദയത്തിൻെറ ഉള്ളറയിൽനിന്നും ഒരു ശബ്ദപ്രകമ്പനം കേൾക്കായി. മനോവ്യാപരങ്ങളെല്ലാം ശാന്തപൂർണ്ണമാവുമ്പോൾ ഇതനുഭവിക്കാൻ കഴിയും. ആ ശബ്ദതരംഗത്തെ ആരാധിക്കുന്ന യോഗി സ്വയം എല്ലാ മാലിന്യങ്ങളിൽനിന്നും മുക്തി നേടുന്നു. വസ്തുക്കളാലോ, കർമ്മങ്ങളാലോ, രൂപങ്ങളാലോ ആർജ്ജിച്ച മാലിന്യമെല്ലാം അകന്ന് സ്വയം പവിത്രത പൂകുന്നു. അങ്ങിനെ അമരത്വമാർജ്ജിക്കുന്നു. ഓം എന്നശബ്ദമായാണ് അത് പ്രകടമാവുക. *അ, ഉ, മ* എന്നീ ഭാഗങ്ങളായി അതു വിശ്വസത്വത്തെ വ്യഞ്ജിപ്പിക്കുന്നു.

ഈ ഏകാക്ഷരത്തിൻെറ മൂന്നു വിഭാഗങ്ങളാണ് ത്രിഗുണങ്ങൾ, ത്രിവേദങ്ങൾ, ത്രിവിധബോധാവസ്ഥകൾ എന്നിവ. ഇതിൽ നിന്ന് സൃഷ്ടാവ് അക്ഷരമാലയിലെ അക്ഷരങ്ങൾ സൃഷ്ടിച്ചു. ഈ അക്ഷരങ്ങൾ ഉപയോഗിച്ച് തൻെറ നാലു മുഖങ്ങളും വായകളും കൊണ്ട് ബ്രഹ്മാവ് നാലു വേദങ്ങൾ ആവിഷ്ക്കരിച്ചു - ഋഗ്, യജുസ്, സാമം, അഥർവം. ബ്രഹ്മാവ് തൻെറ മാനസപുത്രൻമാരായ മഹർഷികൾക്ക് വേദമോതി. അവർ മറ്റുള്ളവരെയും പഠിപ്പിച്ചു. വാമൊഴിയായി വേദം പരമ്പരയായി കേട്ടു വന്നു.

ഈ യുഗത്തിൽ ഭഗവാൻ പരാശരൻെറയും സത്യവതിയുടെയും പുത്രനായി വ്യാസൻ എന്ന പേരിൽ അവതരിച്ചു. അദ്ദേഹമാണ് വേദങ്ങളെ നാലായി തരംതിരിച്ചത്. അദ്ദേഹം ഋഗ്വേദം പൈലനേയും, യജുർവേദം വൈശംമ്പായനേയും, സാമവേദം ജൈമിനിയേയും അഥർവവേദം സുമന്തുവനേയും പഠിപ്പിച്ചു. അവർ കാലക്രമത്തിൽ തങ്ങളുടെ ശിഷ്യൻമാരെയും പഠിപ്പിക്കുകയും പലപല ഉപഭാഗങ്ങളായി വേദങ്ങളെ തരംതിരിക്കുകയും ചെയ്തു.

വൈശംമ്പായനൻെറ ശിഷ്യനായ യാജ്ഞവല്ക്ക്യൻ തൻെറ ഗുരുവിൽനിന്നും ശാപമേൽക്കാനിടയായി. പ്രായശ്ചിത്തകർമ്മമായി നടത്തിയ ഒരു യാഗത്തോടനുബന്ധിച്ച് ഗുരുവിനെ ധിക്കരിച്ചതിനാൽ അതുവരെ പഠിച്ച ജ്ഞാനമെല്ലാം ഛർദ്ദിച്ചുകളയാൻ ഗുരു ശപിച്ചു. ഛർദ്ദിച്ച അറിവെല്ലാം തൈത്തിരി പ്പക്ഷികളായിപ്പറന്നുവന്ന മാമുനിമാർ ഭക്ഷിച്ചു. അതിന് തൈത്തിരീയം എന്നു പേരുവന്നു. സൂര്യദേവൻെറ ആരാധകനായിരുന്ന യാജ്ഞവല്ക്ക്യനിൽ സംപ്രീതനായ സൂര്യൻ ഒരു കുതിരയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് യജുർവേദഭാഗങ്ങൾ അദ്ദേഹത്തെ പഠിപ്പിച്ചു. മറ്റാരും പഠിച്ചിട്ടില്ലാത്ത ആ ഭാഗത്തിന് വാജസനി എന്നു പേർ. അങ്ങിനെ തലമുറതലമുറകളായി വേദങ്ങൾ പ്രചരിച്ചുകൊണ്ടേയിരിക്കുന്നു.